# Mathrubhumi

## 17 June 2018

## Thiruvananthapuram: Heavy rain, Storms,Death



# കാലവർഷക്കെടുതി: മൂന്നുകുട്ടികളടക്കം അഞ്ചുപേർകൂടി മരിച്ചു

**തിരുവനന്തപുരം** ▸ ഞായറാഴ്ച അഞ്ചുപേർകൂടി മരിച്ചതോടെ സംസ്ഥാനത്ത് കാലവർഷക്കെടുതിയിൽ മരിച്ചവരുടെ എണ്ണം 14 ആയി.

വയനാട് സുൽത്താൻ ബത്തേരിക്ക് സമീപം രണ്ടുകുട്ടികൾ കുളത്തിൽ വീണുമരിച്ചു. പാട്ടവയൽ ബിദർക്കാട് തോട്ടത്തിൽ ഫിറോസിന്റെയും ഷാജിതയുടെയും മകൻ മുഹമ്മദ് ഷാമിൽ (9), ചീരാൽ കുടുക്കി കളരിക്കൽ ഷിഹാബിന്റെയും സാഹിറയുടെയും മകൾ സനാഫാത്തിമ (7) എന്നിവരാണ് മരിച്ചത്.

പത്തനംതിട്ട ആറന്മുളയിൽ വീട്ടുമുറ്റത്ത് കളിക്കുകയായിരുന്നു എട്ടുവയസ്സുകാരൻ തെങ്ങ് വീണു മരിച്ചു. മല്ലപ്പള്ളി പാറപ്പാട്ട് അജീഷിന്റെ മകൻ അക്ഷയ് ആണ് മരിച്ചത്.

തിരുവനന്തപുരത്തും ഇടുക്കിയിലുമായി പൊട്ടിവീണ വൈദ്യുതലൈനിൽനിന്ന് ഷോക്കേറ്റ് രണ്ടുപേർ മരിച്ചു. തിരുവനന്തപുരം കാട്ടായിക്കോണം മടവൂർപ്പാറ കിഴേവിള വീട്ടിൽ എം. ശശി (75), ഇടുക്കി അടിമാലി പറുക്കുടി സിറ്റി കോമയിൽ ബിജു (47) എന്നിവരാണ് മരിച്ചത്.

പത്തനംതിട്ട വെൺപാലയിൽ നല്ലൂർസ്ഥാനത്ത് മണലേത്ത് എം.സി. ഐസക്കിനെ (82) പുഴയിൽ കാണാതായി. അടിമാലിക്കടുത്ത് കള്ളിമാലിയിലും വാളറയിലും ഉരുൾപൊട്ടി. രണ്ടിടത്തും ഒന്നരയേക്കറോളംവീതം കൃഷിയിടങ്ങൾ ഒലിച്ചുപോയി. കള്ളിമാലി ഏറിയ ഭാഗത്തെ പഞ്ചായത്ത് റോഡും ഒലിച്ചുപോയി.